(ബി) ഇപ്രകാരം അഡ്വൈസ് മെമ്മോ അയച്ച വേക്കൻസികളിൽ മുൻ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്ത വേക്കൻസികൾ എത്രയുണ്ട്; ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്ത വേക്കൻസികൾ എത്രയാണ്;

(സി) റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ എത്ര എണ്ണത്തിലേക്ക് ഇനിയും അഡ്വൈസ് മെമ്മോ അയയ്ക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചുവരുന്നു.

അഡ്വൈസ് മെമ്മോ നൽകിയിട്ടും നിയമനം ലഭിക്കാത്തവർ

33 [1504] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എസ്. സി. അഡ്വൈസ് മെമ്മോ നൽകിയിട്ടും നിശ്ചിത കാലാവധിക്കു ശേഷം നിയമനം നൽകാത്ത എത്ര കേസുകൾ ഇപ്പോൾ സംസ്ഥാനത്തുണ്ടെന്നു വ്യക്തമാക്കാമോ; ഓരോ വകുപ്പിന്റെയും ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. റാങ്ക് ലിസ്റ്റ് വിവരം

34 [1505] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷംകൊണ്ട് പി. എസ്. സി. എഴുത്തു പരീക്ഷകളുടെയും ഇന്റർവ്യൂകളുടെയും എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനു തൊട്ടുമുൻപുള്ള മൂന്നുവർഷങ്ങളിൽ ഈ കണക്ക് എത്രയായിരുന്നു എന്നും ഇത് ഏതെല്ലാം തസ്തികകളിലായിരുന്നുവെന്നും കാണിക്കുന്ന വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) മൂന്നു വർഷം മുമ്പ് പി.എസ്.സി.-യിൽ കെട്ടിക്കിടന്നിരുന്ന അപേക്ഷകളുടെ എണ്ണം എത്രയായിരുന്നു;

(ഡി) ഇപ്പോൾ എത്ര അപേക്ഷകൾ ഇപ്രകാരം കെട്ടിക്കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്റെ അനുപാതം

35 [1506] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് പി. എസ്. സി. നിയമനം നടത്തുമ്പോൾ താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന്റെ അനുപാതം 5%-ത്തിൽ നിന്നും 10% ആയി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) നേരിട്ടുള്ള നിയമനം കുറയുന്നതായും തസ്തികമാറ്റം വഴിയുള്ള നിയമനം കാത്തുകഴിയുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്റെ അനുപാതം 5%-ത്തിൽ നിന്നും ഉയർത്തുവാനുള്ള നിയമതടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൽക്കാലം പരിഗണനയിലില്ല.

(ബി) ഇല്ല.

(സി) ഇക്കാര്യം നയപരമായി തീരുമാനമെടുക്കേണ്ട വിഷയമാണ്.

എച്ച്. എസ്. ടീച്ചർമാരിലെ എം.എഡ്./എം.ഫിൽ. ബിരുദക്കാർ

36 [1507] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കണ്ടറി ടീച്ചർ (കണക്ക്) തസ്തികയ്ക്ക് പി. എസ്. സി. പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ എത്ര എം.എഡ്. ബിരുദധാരികളും എം. ഫിൽ. ബിരുദധാരികളും ഉണ്ട്;

(ബി) ഇവരെല്ലാം സെറ്റ് പരീക്ഷായോഗ്യതകൂടി നേടിയവരാണോ;

LIBRARY ARCHIVES Kerala Legislative Assembly